LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 2014-15 വർഷത്തെ അബ്കാരി നയം പൂർണ്ണമായി പ്രഖ്യാപിച്ചിട്ടില്ല. കള്ളുചെത്ത് വ്യവസായവുമായി ബന്ധപ്പെട്ട 2014-15 വർഷത്തെ അബ്കാരി നയം സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്.

(ബി) 2014-15 വർഷത്തെ കള്ളുചെത്ത് വ്യവസായവുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ച അബ്കാരി നയത്തിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

**ചില്ലറ മദ്യവിൽപ്പനശാലകളുടെ പ്രവർത്തനം പരിഷ്ക്കരിക്കൽ**

81 (5011) ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. സി. കെ. സദാശിവൻ :
ശ്രീ. സാജു പോൾ :
ശ്രീ. പി. കെ. ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബിവറേജസ് കോർപ്പറേഷന്റെ ചില്ലറ മദ്യവില്പനശാലകളുടെ പ്രവർത്തനം പരിഷ്ക്കരിക്കേണ്ടത് സംബന്ധിച്ച് ബഹു. കേരള ഹൈക്കോടതി നടത്തിയ നിരീക്ഷണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ചില്ലറ മദ്യവില്പനശാലകൾ പുതുക്കാനോ പുതുതായി ആരംഭിക്കാനോ ഉദ്ദേശ്യമുണ്ടോ ;

(സി) ചില്ലറ മദ്യവില്പന ശാലകളിലൂടെയും ബാറുകളിലൂടെയും കണക്കിൽപ്പെടാത്ത സെക്കന്റ്സ് മദ്യം വിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ചില്ലറ മദ്യവിൽപ്പനശാലകൾ വർഷാവർഷങ്ങളിൽ പുതുക്കാറുണ്ട്. കഴിഞ്ഞ സർക്കാർ അനുവദിച്ചിട്ടുള്ള 12 എഫ്.എൽ.-1 ചില്ലറ വിൽപ്പനശാലകൾ തുടങ്ങേണ്ടതില്ലെന്ന് ഈ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതിയ എഫ്.എൽ.-1 ഷോപ്പുകളൊന്നുംതന്നെ ഇതേവരെ തുടങ്ങിയിട്ടില്ല.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**അനധികൃത സ്പിരിറ്റ് കടത്തിയതിന് പിടിച്ചെടുത്ത വാഹനങ്ങൾ**

82 (5012) ശ്രീ. പി. കെ. ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം അനധികൃത സ്പിരിറ്റ് കടത്തിൽ ഏർപ്പെട്ട എത്ര വാഹനങ്ങൾ പിടിച്ചെടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

891/2015

(ബി) എത്ര ലിറ്റർ സ്പിരിറ്റാണ് ഈ വാഹനങ്ങളിൽനിന്നും പിടിച്ചെടുത്തതെന്ന് ജില്ല, റേഞ്ച്, ചെക്ക് പോസ്റ്റ് തിരിച്ചുള്ള വിവരം ലഭ്യമാക്കാമോ ?

ഉത്തരം

(എ) 103 വാഹനങ്ങൾ പിടിച്ചെടുത്തിട്ടുണ്ട്.

(ബി) മൊത്തം 70969 ലിറ്റർ സ്പിരിറ്റ് പിടിച്ചെടുത്തിട്ടുണ്ട്. ജില്ല, റേഞ്ച്, ചെക്ക് പോസ്റ്റ് തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു :

| ജില്ല | സ്പിരിറ്റ് (ലിറ്റർ) |
|---|---|
| I. തിരുവനന്തപുരം | 9560 |
| റെയ്ഞ്ച് | |
| 1. നെയ്യാറ്റിൻകര | 1714 |
| 2. തിരുപുറം | 2258 |
| 3. ആര്യനാട് | 126 |
| 4. കഴക്കൂട്ടം | 1466 |
| 5. തിരുവനന്തപുരം | 2130 |
| ചെക്ക് പോസ്റ്റ് | |
| 1. അമരവിള | 810 |
| 2. ആറ്റുപുറം | 1056 |
| II. കൊല്ലം | 19625 |
| റെയ്ഞ്ച് | |
| 1. കൊല്ലം | 10715 |
| 2. കരുനാഗപ്പള്ളി | 6376 |
| 3. ശാസ്താംകോട്ട | 396 |
| 4. കൊട്ടാരക്കര | 264 |
| ചെക്ക് പോസ്റ്റ് | |
| 1. ആര്യങ്കാവ് | 1874 |

LIBRARY ARCHIVES Kerala Legislative Assembly

| ജില്ല | സ്പിരിറ്റ് (ലിറ്റർ) |
| --- | --- |
| III. ആലപ്പുഴ | 7440 |
| റെയ്ഞ്ച് | |
| 1. കാർത്തികപ്പള്ളി | 3045 |
| 2. നൂറനാട് | 1100 |
| 3. മാവേലിക്കര | 3050 |
| 4. കായംകുളം | 245 |
| IV. കോട്ടയം | 2973.4 |
| റെയ്ഞ്ച് | |
| 1. ചങ്ങനാശ്ശേരി | 1751.4 |
| 2. കോട്ടയം | 1222 |
| V. ഇടുക്കി | 03 |
| റെയ്ഞ്ച് | |
| 1. മറയൂർ | 03 |
| VI. എറണാകുളം | 2585 |
| റെയ്ഞ്ച് | |
| 1. മട്ടാഞ്ചേരി | 10 |
| 2. എറണാകുളം | 1728 |
| 3. പെരുമ്പാവൂർ | 497 |
| 4. തൃപ്പൂണിത്തുറ | 350 |
| VII. തൃശ്ശൂർ | 7001 |
| റെയ്ഞ്ച് | |
| 1. കൊടുങ്ങല്ലൂർ | 482 |
| 2. തൃശ്ശൂർ | 810 |
| 3. ഇരിങ്ങാലക്കുട | 4026 |
| 4. കോലഴി | 1683 |

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

| ജില്ല | സ്പിരിറ്റ് (ലിറ്റർ) |
|---|---|
| VIII. പാലക്കാട് | 18723 |
| റെയ്ഞ്ച് | |
| 1. ചിറ്റൂർ | 4630 |
| 2. പാലക്കാട് | 8857 |
| 3. പട്ടാമ്പി | 630 |
| 4. ആലത്തൂർ | 740 |
| 5. ഒറ്റപ്പാലം | 544 |
| 6. കുഴൽമന്ദം | 448 |
| 7. കൊല്ലങ്കോട് | 320 |
| ചെക്ക് പോസ്റ്റ് | |
| 1. മീനാക്ഷിപുരം | 1708 |
| 2. ഗോപാലപുരം | 396 |
| IX. മലപ്പുറം | 400 |
| റെയ്ഞ്ച് | |
| 1. നിലമ്പൂർ | 400 |
| X. വയനാട് | 2624 |
| റെയ്ഞ്ച് | |
| 1. സുൽത്താൻ ബത്തേരി | 2624 |
| XI. കാസർഗോഡ് | 485 |
| റെയ്ഞ്ച് | |
| 1. കുമ്പള | 350 |
| 2. ബദിയടുക്ക | 105 |
| 3. കാസർഗോഡ് | 30 |

## പാലക്കാട് ജില്ലയിൽ അനധികൃത മദ്യനിർമ്മാണം തടയുന്നതിന് നടപടി

**83 (5013)** ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :